Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 05 | 2018 ഫെബ്രുവരി 04 | 1193 മകരം 21

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"ഗുരുശിഷ്യബന്ധം എന്ന ധർമ്മത്തിലൂടെയല്ലാതെ കർമ്മഗതി പൊട്ടിക്കാൻ ആർക്കും ആവില്ല."

# പൂജിതപീഠം സമർപ്പണം: ശാന്തിഗിരി കുടുംബയോഗങ്ങൾ പുരോഗമിക്കുന്നു



*ശാന്തിഗിരി കുടുംബയോഗത്തിൽ പങ്കെടുത്തവർ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയോടൊപ്പം*

**എജ്യൂക്കേഷൻ സോൺ / റിസർച്ച് സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷത്തോടനുബന്ധിച്ച് ആരംഭിച്ച ശാന്തിഗിരി കുടുംബയോഗങ്ങൾ പുരോഗമിക്കുന്നു. ഇതുവരെ പതിനഞ്ചോളം കുടുംബയോഗങ്ങൾ നടന്നു കഴിഞ്ഞു. എല്ലാ കുടുംബയോഗങ്ങളിലും ആത്മബന്ധുക്കളുടെ വർദ്ധിച്ച പങ്കാളിത്തം പ്രകടമാണ്. സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയാണ് മീറ്റിംഗിൽ സൗഹൃദസന്ദേശം നൽകുന്നത്.

ശാന്തിഗിരി ഗുരുപരമ്പരയിൽ കുടുംബത്തോടെ അംഗമാകാൻ കഴിഞ്ഞ ഭാഗ്യം വളരെ വലുതാണെന്ന് പ്രഭാഷണത്തിൽ സ്വാമി ചൂണ്ടിക്കാട്ടി. സമൂഹത്തിന്റെ അടിസ്ഥാനമാണ് കുടുംബം. സ്നേഹം, കാരുണ്യം, ആദരവ്, ആർദ്രത തുടങ്ങിയ മഹത്തായ മൂല്യങ്ങളുടെ തണലുള്ള കുടുംബത്തിലെ സന്തതികൾ ശക്തവും ഭദ്രവുമായ സമൂഹത്തിന് അടിത്തറയായിത്തീരുന്നു. കുടുംബം നല്കുന്ന തണലും സാന്ത്വനവും പകരം വയ്ക്കാനാവാത്തതാണ്. എന്നാൽ സമകാലിക കേരളീയ കുടംബങ്ങളുടെ ഇന്നത്തെ അവസ്ഥ എന്താണ്? അനുദിനം പാശ്ചാത്യ ജീവിതരീതികളിലേക്ക് വഴുതിവീണുകൊണ്ടിരിക്കുന്ന കാഴ്ചയാണ് എങ്ങും കാണുന്നത്. ഇവിടെ ശാന്തിഗിരി കുടുംബങ്ങൾ സമൂഹത്തിന് മാതൃകയായി മാറണം.

പലവിധ സംഘർഷങ്ങളുടെ ലോകത്താണ് ഇന്നത്തെ തലമുറ ജീവിക്കുന്നത്. നാളെയുടെ പ്രതീക്ഷകളായ നമ്മുടെ കുഞ്ഞുങ്ങളുടെ ഇളം മനസ്സുകളിൽ സ്നേഹത്തിന്റെ മഞ്ഞുമഴ പെയ്യിക്കാൻ അമ്മമാർക്കാണ് കഴിയുക. അമ്മയാണ് ആദിഗുരു. പൊക്കിൾക്കൊടിയിൽ തുടങ്ങിയ ആ സ്നേഹബന്ധം വലയം ഭേദിച്ച് പുറത്തുപോകാനാവാത്ത വിധം ഭദ്രവും ശക്തവുമാക്കി നിലനിർത്താൻ പ്രാപ്തയായിരിക്കണം അമ്മ. അനുസരിപ്പിച്ചുകൊണ്ടല്ല; സ്നേഹിച്ചുകൊണ്ടാണ് അത് സാധ്യമാക്കേണ്ടത്. മക്കളാണ് നമ്മുടെ സമ്പാദ്യവും അലങ്കാരവും. അവർക്ക് പത്തരമാറ്റ് സൗന്ദര്യം നൽകാൻ മാതൃസ്നേഹത്തിനേ കഴിയൂ.

അച്ഛനും അമ്മയും മക്കളും സ്നേഹത്തോടെ ഒത്തുചേരുമ്പോഴാണ് ഒരു കുടുംബത്തിൽ കൂട്ടായ്മയുടെ ശീതളച്ഛായ രൂപംകൊള്ളുന്നത്. സ്നേഹവും സന്തോഷവും ആശ്വാസവും ഈ സന്ദർഭങ്ങളിൽ ഒത്തുചേരുന്നു. ദൈവസ്നേഹത്തിന്റെ പ്രതിസ്ഫുരണം പോലെ അത് മനുഷ്യമനസുകളിൽ സ്ഥായീഭാവം നേടുന്നു. എല്ലാ കുടുംബങ്ങൾക്കും ഈ അനുഗ്രഹം ഉണ്ടാവണം. ഇതിലൂടെയാവണം നാളത്തെ നന്മനിറഞ്ഞ ലോകത്തിന് നാം അടിത്തറ പണിയേണ്ടത്. സ്വാമി ചൂണ്ടിക്കാട്ടി.

എന്താണ് ശാന്തിഗിരിയുടെ പ്രത്യേകത? ഗുരുവാണ് ശാന്തിഗിരിയുടെ രക്ഷിതാവായി നിലകൊള്ളുന്നത്. ലോകത്തിന്റെ ഭാഗധേയം നിർണയിക്കുന്ന ഒരു വലിയ പരമ്പരയുടെ ആദിരൂപമാണ് ഇന്നിവിടെയുള്ളത്. അതിനു കൈവന്ന ഭാഗ്യം ഗുരുകാരുണ്യമാണെന്ന് മനസിലാക്കി പ്രവർത്തിക്കാനുള്ള സ്നേഹവും ത്യാഗവുമാണ് ഈ പൂജിതപീഠം സമർപ്പണം ആഘോഷവേളയിൽ നമുക്കേവർക്കും ഉണ്ടാവേണ്ടതെന്നും സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു.

പ്രസ്ഥാനത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ പ്രവർത്തിച്ച ഓരോ ആത്മബന്ധുക്കളെയും സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പ്രഭാഷണത്തിൽ പരാമർശിക്കുകയുണ്ടായി. എജ്യൂക്കേഷൻ സോണിൽ ശാന്തിഗിരി വിദ്യാഭവൻ സ്കൂൾ ഹാളിലും റിസർച്ച് സോണിലെ ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം ഹാളിലുമാണ് കുടുംബയോഗങ്ങൾ നടന്നുവരുന്നത്.

വൈകുന്നേരം ഏഴ് മണി മുതൽ 9 മണി വരെയാണ് സമയം. സർവാദരണീയരായ ജനനി സുപഥ ജ്ഞാനതപസ്വിനി, ജനനി അഭേദ ജ്ഞാനതപസ്വിനി, ആദരണീയരായ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, ജനനി ജഗദംബിക ജ്ഞാനതപസ്വിനി, ജനനി രേണുരൂപ ജ്ഞാനതപസ്വിനി, ഡോ. റ്റി. എസ്. സോമനാഥൻ തുടങ്ങിയവരും യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പ്രവർത്തകരാണ് പരിപാടി കോഡിനേറ്റ് ചെയ്യുന്നത്.

## പൂജിതപീഠം സമർപ്പണം സങ്കല്പം

### അഭിവന്ദ്യ ശിഷ്യപൂജിത അറിയിച്ചത്

ദൈവമേ, ഗുരുവേ അപ്പാ,
എന്റെയീ ദോഷവും
എന്റെ വീടോടെയുള്ള ദോഷവും മാറി
എന്റെ കർമ്മത്തിലുള്ള ദോഷവും മാറി
എന്താണോ എനിക്ക് കിട്ടേണ്ടത് കിട്ടണമേ
ഗുരുവേ അപ്പാ ദൈവമേ പരബ്രഹ്മമേ...

## പൂജിതപീഠം സമർപ്പണം: ശാന്തിഗിരി ഏരിയ സമ്മേളനങ്ങൾ ആരംഭിച്ചു

**തിരുവനന്തപുരം:** പൂജിതപീഠം സമർപ്പണം ആഘോഷത്തോട് അനുബന്ധിച്ച് നടക്കുന്ന ഏരിയ സമ്മേളനങ്ങൾ വിവിധ ഏരിയകളിൽ ആരംഭിച്ചു. ഇന്ന് തിരുവനന്തപുരം ഏരിയ (സിറ്റി) സമ്മേളനം വൈകിട്ട് 3.30 ന് സ്റ്റാച്യൂവിലുള്ള വൈ.എം.സി.എ. ഹാളിൽ വെച്ച് നടക്കും. ആദരണീയ സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ എഴുത്തുകാരൻ ഡോ. ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ ശാന്തിഗിരി ആശ്രമം ഡയറക്ടർ (ടെക്നിക്കൽ) സർവാദരണീയ സ്വാമി നവനന്മ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും.

കോഴിക്കോട് ഏരിയ സമ്മേളനം ഈ മാസം 11 ന് വൈകിട്ട് 5 മണിക്ക് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. എ. പ്രദീപ് കുമാർ എം.എൽ.എ.യുടെ നേതൃത്വത്തിൽ എം.കെ. രാഘവൻ എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്യും.

ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി മുഖ്യ പ്രഭാഷണം നടത്തും.ചടങ്ങിൽ മാതൃഭൂമി മാനേജിംഗ് എഡിറ്റർ പി.വി. ചന്ദ്രൻ വിശിഷ്ടാതിഥിയായിരിക്കും. ജനനി പൂജ ജ്ഞാനതപസ്വിനി മഹനീയ സാന്നിധ്യമാകുന്ന ചടങ്ങിൽ ജനപ്രതിനിധികളും ശാന്തിഗിരി സാംസ്കാരിക പ്രവർത്തകരും പങ്കെടുക്കും.

# ഗുരുവാണി

എല്ലായിടത്തും പോകുന്നതുപോലെ തൽക്കാലശാന്തിക്കുതകുന്ന വല്ല കാര്യവും സാധിക്കാം എന്ന ഉദ്ദേശ്യത്തോടെയല്ല ഇവിടെ വരേണ്ടത്. എന്തെല്ലാം കിട്ടുമോ അതെല്ലാം നിങ്ങൾ നേടിക്കോളൂ. അതിൽ നിന്നെല്ലാം വിശേഷപ്പെട്ടതായി ദൈവത്തിൽ നിന്നു കിട്ടിയ ഒരു സുകൃതം ഇവിടെ നിന്ന് നിങ്ങൾക്കു കിട്ടാനുണ്ടണ്ട്. ഇതെങ്ങനെ സ്വായത്തമാക്കാം; ഇവിടെ നില്ക്കുന്നവരും വരുന്നവരും ആദ്യമറിയേണ്ടത് അതാണ്. അതിന് നിങ്ങൾ വാശി പിടിച്ച് അതുമിതും കാണിക്കരുത്. ധൃതി പിടിക്കുകയല്ല ഇതിനു വേണ്ടത്. എന്തെന്നാൽ നാളെയൊരു സമയം എന്തെങ്കിലുമൊക്കെ കെട്ടി വച്ച് വഴക്കുണ്ടാക്കാനുള്ള വകയല്ല ഇത്. അങ്ങനെ വഴക്കുണ്ടാക്കുന്ന ഒരറിവേ നിങ്ങൾക്കുള്ളൂ.

ഞാൻ പറയുന്നത് എന്റെ പരിചയവും അനുഭവവുമാണ്. എന്റെ പതിനാലാമത്തെ വയസുമുതൽ വേദന പഠിച്ചെടുത്ത ഒരറിവ് ഞാൻ പറയുകയാണ്. അല്ലാതെ ഏതെങ്കിലും വിധത്തിൽ ഞാൻ സുഖിച്ചു ജീവിച്ച വക പറയുകയാണെന്നു നിങ്ങൾ ധരിക്കരുത്. എന്റെ കൈവശമുള്ളത് എന്താണെന്നു നിങ്ങൾ മനസിലാക്കിയിട്ടുണ്ടോ? അനവധി മഹാത്മാക്കൾ വന്നു വേദനപ്പെട്ടിട്ടുപോയ കാര്യമാണ്.

നിങ്ങൾ പഠിച്ചുവച്ചിരിക്കുന്നതെന്താണ്? ഞങ്ങളുടെ സ്വാമി വലുത്, നിങ്ങളുടെ സ്വാമി ചെറുത്. ആ സ്വാമി പിന്നെ ദൈവമായി. അതു പിന്നെ ഞങ്ങളുടെ ജാതിയിലെ ദൈവമായി. ഞാൻ പറയുന്നത്, ജാതിയിൽ ദൈവം കളിച്ച് ചീത്തയാകേണ്ട കാര്യത്തിന് നിങ്ങൾ ഇവിടെ വരേണ്ട. അങ്ങനെ ദൈവം കളിക്കേണ്ട ഒരു സംഗതിയും ഇവിടെ ഇല്ല. ദൈവം ഉണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ല. അതു നിങ്ങളാരും പറഞ്ഞൊപ്പിക്കേണ്ട കാര്യമില്ല. നിങ്ങളുടെ അനുഭവത്തോളം നിങ്ങൾ ഇതിനെ സ്വീകരിച്ചാൽ മതി. അത് മനുഷ്യചരിത്രത്തിൽ ആദ്യമായിട്ട് നിങ്ങൾ ഇവിടെ നിന്നു പഠിക്കുകയാണ്. ഏതെങ്കിലും ഒരു കോഴ്സ് വച്ച് ഇത് പഠിച്ചെടുക്കാൻ ഒക്കുകയില്ല. അങ്ങനെയുള്ള ഒരു രീതിയും ഇവിടെയില്ല. നിങ്ങളിത് ക്ലേശിച്ച് വേദനപ്പെട്ട് ആ വേദനയിൽ ആനന്ദപ്പെട്ട് എടുക്കാനേ ആഗ്രഹിക്കാവൂ. എത്ര ക്ലേശിച്ചാലും ഒരു കുറ്റവും വരില്ല. ക്ലേശിക്കുന്തോറും ആനന്ദം ലഭിക്കും. ഈ ആശയത്തിലേ നിങ്ങൾ ഇവിടെ പെരുമാറാവൂ. ഇത് ഇന്നും നാളെയുമായി പൊക്കിയെടുത്ത് ആരെയും നന്നാക്കാനും ചീത്തയാക്കാനും നിങ്ങൾ മുതിരരുത്. ദൈവത്തിന്റെ വകയായിട്ട് നിങ്ങൾ ഇത് ചെയ്താൽ മതി. ആവുന്നതു ചെയ്യും. കൂടുതൽ വേണ്ട. ഞങ്ങൾക്ക് ഒന്നും അറിയില്ല, ഒന്നും അറിഞ്ഞു വന്നവരല്ല, അറിഞ്ഞവരോട് ഞങ്ങൾക്ക് സന്തോഷമുണ്ട്, അവരോട് ചേർന്നു നിന്നു പ്രവർത്തിക്കാൻ ഞങ്ങൾക്കു ചാരിതാർത്ഥ്യമുണ്ട്. ഇങ്ങനെയൊരു വിനയം നിങ്ങൾക്ക് ഉണ്ടായിരുന്നാൽ മതി.വാശി പിടിച്ചൊന്നും പറയരുത്, പ്രവർത്തികരുത്. അതു തെറ്റായിപ്പോകും. വാശി പിടിച്ചു ചെയ്യുന്ന വലിമ കൊണ്ടൊന്നും ഇതു നടക്കാൻ പോകുന്നില്ല. വിനയമില്ലാതെ ചെയ്യുന്നത് സത്യസന്ധതയില്ലാതെ പടച്ചുണ്ടാക്കുന്ന അറിവുകേടിന്റെ മൂശയിലായിപ്പോകും. വിനയവും സത്യസന്ധതയുമില്ലാത്ത കർമ്മത്തിൽ വിലയിരുത്തി അറിയാൻ എന്തിരിക്കുന്നു?

ഒരാളിന്റെ ബുദ്ധിയിൽ ഉപദേശിച്ച് മറ്റൊരാളിന്റെ വഞ്ചനയിലും ചതിയിലും കലർന്ന കർമ്മമാക്കി നമ്മളെ ഏല്പിച്ചിട്ട് നമ്മളെക്കൊണ്ട് പ്രവർത്തിച്ചു പോകുന്ന ചില വിശേഷങ്ങളുണ്ട്. അതിലൊന്നും വീണഴുകാതെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യുക. സാവകാശമുള്ള കർമ്മത്തിൽ പൂർണ്ണരാവുക. നിങ്ങളുടെ പ്രവർത്തി കണ്ടാൽ ആർക്കും നിങ്ങളെ സ്നേഹിക്കാൻ കഴിയണം. നിങ്ങളുടെ പ്രവർത്തി കണ്ടാൽ ആർക്കും നിങ്ങളെ കളഞ്ഞിട്ട് ഓടിപ്പോകാൻ തോന്നരുത്. അങ്ങനെയുള്ള കർമത്തിലേക്ക് നിങ്ങൾ പോകരുത്. സ്നേഹത്തെ എത്ര മഹിമയിൽ എത്ര ആഴത്തിൽ വരുത്തിയെടുക്കാൻ കഴിയും- ഇതിനാണ് കർമ്മം.

## വചനദീപ്തി

**സത്സംഗത്തെക്കാൾ പവിത്രതരമായിട്ടൊന്നു ലോകത്തിലില്ല. എന്തെന്നാൽ അപ്പോൾ സദ്വാസനകൾക്ക് ഉണർന്നുവരാനുള്ള ആഭിമുഖ്യമുണ്ടാകും.**

സ്വാമി വിവേകാനന്ദൻ

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2018 ഫെബ്രുവരി 09 – ലക്ഷ്മിപുരം, കാഞ്ഞാംപാറ

2018 ഫെബ്രുവരി 10 – ശാന്തിഗിരി ജംഗ്ഷൻ

## യാമപ്രാർത്ഥന

2018 ഫെബ്രുവരി 08 വ്യാഴം

## ജന്മഗൃഹ തീർത്ഥയാത്ര

2018 ഫെബ്രുവരി 07 ബുധനാഴ്ച

## പ്രകാശപദം

# പ്രപഞ്ചത്തിലെ സമസ്ത കർമശേഷിയും പ്രതിബിംബിക്കുന്ന ഗുരുസ്വരൂപം

ബ്രഹ്മത്തിൽ നിന്നും എനിക്കു ദർശനത്തിൽ നിന്നു കിട്ടിക്കൊണ്ടിരിക്കുന്ന പ്രകാരം ഗുരു എന്ന സത്യത്തെ ജനപഥത്തിന്റെ അറിവിനായി എഴുതുകയാണ്.

എന്റെ ഗുരുവിന്റെ പ്രവർത്തനശേഷി അപാരവും പൂർണ്ണവുമാണ്. പ്രപഞ്ചത്തിലെ സമസ്ത കർമശേഷിയും ബ്രഹ്മചൈതന്യത്തിൽ നീതനായ ഗുരുസ്വരൂപത്തിൽ പ്രതിബിംബിക്കുന്നു. അത്യന്തം ശ്രേഷ്ഠവും ശുദ്ധവുമായ ആ കർമശാസ്ത്രകോടിയെ ഭൂലോകത്ത് വരുത്തുവാൻ മഹാന്മാരായ ഗുരുകുലരത്നങ്ങൾ അനവരതം പ്രയത്നം ചെയ്തുകൊണ്ട് സൂക്ഷ്മത്തിൽ നിന്നിരുന്നു. ഏഴാമത് മന്വന്തരത്തിലെ ആദിയുഗം മുതൽ ഇരുപത്തിയെട്ടാമതു ചതുർയുഗത്തിലെ ഈ കലിയുഗം വരെ ഒരു സൗരയൂഥവ്യാപ്തിവരെ ആത്മശുദ്ധി പ്രാപിച്ച് ഗുരുസ്ഥാനം വഹിച്ചുനിൽക്കുന്ന മഹാത്മാക്കളുടെയും അത്രത്തോളം തന്നെ വ്യാപിച്ചു നിൽക്കുന്ന അവരുടെ പരമ്പരയുടെയും കർമശേഷിയെ മാനിക്കുന്നവർ ഭാഗ്യവാൻമാരാണ്. എന്തുകൊണ്ടെന്നാൽ അങ്ങനെയുള്ളവർ വിശ്വാസത്തിൽ നിന്നും സാന്ദ്രസ്നേഹത്തിലേക്ക് ഉയർത്തപ്പെടുകയാണ്. അവരുടെ ഹൃദയവും വിചാരവും വിമലീകരിക്കപ്പെടുകയാണ്. തന്നെയുമല്ല, അമൃതമയമായ ബ്രഹ്മകല്പിതവാക്കുകളുടെ സത്യമുദ്രകൾ കാലാന്തരവിശേഷങ്ങളുടെ നന്മയിലേക്കാനയിച്ചുകൊണ്ട് നമ്മെ അനുഗ്രഹിക്കുകയാണ്. അവരുടെ നിതാന്തമായ പ്രാർത്ഥനയുടെ ഫലമായാണ് ഗുരു ഉദയം ചെയ്തത്. നാം ജീവിച്ചിരിക്കുന്ന കാലഘട്ടത്തിന് അങ്ങനെയൊരു മഹിമയുണ്ട്.

നാം ജീവിച്ചിരിക്കുമ്പോൾ, ജീവിതത്തിന്റെ പരമമായ ആവശ്യം അറിയുന്ന ആ സത്യത്തെ അറിഞ്ഞ്, ജീവന്റെ ശക്തിയെ ശോഷിപ്പിക്കാതെ,അഭിമാനപുരസ്സരം, ബഹുമാനപുരസ്സരം, നവോന്മേഷശാലികളായി പ്രവർത്തിക്കാൻ ബ്രഹ്മകല്പിതമായ വാക്കുകളുടെ ശക്തി നമ്മുടെ കൂടെയുണ്ട്. ബ്രഹ്മകല്പിതമായ വാക്കുകളെത്തന്നെ പാലിച്ചുകൊണ്ട് ഇന്നോളം ഭൂമിയിൽ വന്നു ജീവിച്ചു മറഞ്ഞുപോയ മഹാത്മാക്കൾ സൂക്ഷ്മത്തിൽ നിന്നുകൊണ്ട് നമുക്കായി സ്നേഹാദരങ്ങൾ ആശംസിക്കുന്നുണ്ട്. നാം അവയുടെ പ്രാർത്ഥനയെ സഫലതയിലെത്തിക്കുന്ന കർമയോദ്ധാക്കളാണല്ലോ. എല്ലാം ബ്രഹ്മനിശ്ചയം! ആ ബ്രഹ്മനിശ്ചയം തന്നെ നമുക്ക് പറഞ്ഞു തരുന്നു. സർവശാന്തിക്കും സമാധാനത്തിനും വേണ്ടി നാം എങ്ങനെ പ്രാർത്ഥിക്കണം എന്ന്.എങ്ങനെ പ്രവർത്തിക്കണമെന്ന്. ആ മഹത്വത്തിനു മുമ്പിൽ കീഴ്വഴങ്ങി, താണുവണങ്ങി പ്രാർത്ഥിച്ചും പ്രവർത്തിച്ചും കൊണ്ട് ഞങ്ങൾ പ്രാർത്ഥിക്കുന്നു:

സാന്ത്വനകൃപാസിന്ധോ, സമസ്ത ധർമരക്ഷകാ ഗുരോ, അപ്പാ,ഞങ്ങളുടേയും ഭൂലോകവാസികളുടേയും ഇന്നോളം ഉണ്ടായിട്ടുള്ള സമസ്ത തെറ്റും പൊറുക്കണേ!

(അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# നാമറിയാതെ നമ്മെ നിയന്ത്രിക്കുന്ന സ്വാധീനവലയം

ഗുരുവിന്റെ മഹിമയിലൂടെ ശിഷ്യനെ അനുഭവപ്പെടുത്തുന്ന ഒരു സാക്ഷാത്കാരസ്വഭാവം ദൈവസങ്കല്പത്തിന്റെ അനുഭവസിദ്ധാന്തമായി ശാന്തിഗിരിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സനാതനമെന്നോ ഹൈന്ദവമെന്നോ ഒക്കെ പറയുന്ന അല്ലെങ്കിൽ ചരിത്രാതീതകാലമെന്നോ പ്രപഞ്ചോത്പത്തിക്കു മുമ്പുള്ളതെന്നോ പറയാവുന്ന അനന്തമായ കാലപ്രവാഹത്തിൽ കഴിഞ്ഞുപോയതും ഇന്നു നിലവിലിരിക്കേണ്ടതും നാളെ വരേണ്ടതുമായ വക എന്താണെന്ന് ഒരു ശിഷ്യനെ അനുഭവത്തിലൂടെ ബോധ്യപ്പെടുത്തിക്കൊടുക്കണമെങ്കിൽ ആ മഹാഗുരുവിന്റെ ആത്മീയാവസ്ഥ എന്തായിരിക്കുമെന്ന് നമുക്കു മാനുഷികമായി ചിന്തിച്ചെത്താൻ കഴിയില്ല. നമ്മുടെ പൂർവികരും നമ്മളുമായി ആരാധിച്ചും ജീവിച്ചും പോയ ഒരു കെടുതിവിശേഷം സമൂഹത്തെയാകെ വലയം ചെയ്തുനില്ക്കുന്നു. ഇതറിയാതെ ഇതിനെ മാറ്റാതെ നമുക്കു മുന്നേറാൻ കഴിയുകയില്ല എന്ന സത്യം ഇന്നത്തെ സമൂഹം മനസിലാക്കിയേ മതിയാകൂ.ഇന്നു കാണുന്ന ലോകകെടുതികൾ എല്ലാം തന്നെ മേൽപ്പറഞ്ഞ ദോഷം കൊണ്ട് ഉണ്ടായിരിക്കുന്നതാണ്. ഇതിന് മാറ്റം വരുത്താൻ ഇന്നത്തെ ഭരണകൂടം എന്തൊക്കെ നടപടികൾ സ്വീകരിച്ചാലും എന്തൊക്കെ സുരക്ഷാക്രമീകരണങ്ങൾ നടത്തിയാലും ഒരു പരിധിക്കപ്പുറം ഒന്നും ചെയ്യാൻ കഴിയില്ലായെന്നു തോന്നിപ്പോകുന്നു. ബാഹ്യമായി നാം ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്ന സകലവിധ നന്മയെയും തിന്മയെയും നാമറിയാതെ നമ്മിലൂടെ നിയന്ത്രിക്കുന്ന ഒരു സ്വാധീനവലയം സൂക്ഷ്മലോകത്തുണ്ട്. ആ സൂക്ഷ്മസ്വാധീനത്തെ നിയന്ത്രിച്ചാൽ മാത്രമെ ബാഹ്യലോകത്തിൽ ശാന്തിക്കും സമാധാനത്തിനും വേണ്ടി ചെയ്യുന്ന കർമങ്ങൾ ഫലവത്താകുകയുള്ളൂ. ഈ സത്യം ലോകം അറിഞ്ഞെടുക്കുമ്പോൾ മാത്രമെ സകലതിനും സ്ഥായിയായ നന്മയിലേക്കുള്ള ഒരു മാറ്റം ദർശിക്കാൻ നമുക്കു കഴിയൂ.

സൂക്ഷ്മലോകത്തിന്റെ സ്വാധീനത്തെ നിയന്ത്രിക്കുക എന്നത് ലോകത്ത് ഇന്നോളം നടപ്പിലാക്കാൻ കഴിയാത്ത ഒരു കർമമാണ്. അതായത് സൂക്ഷ്മലോകത്തിൽ നില്ക്കുന്ന നല്ലതും കെട്ടതുമായ ജീവാന്മാക്കൾ മഹാത്മാക്കൾ ദേവീദേവന്മാർ തുടങ്ങി സകലതിനും അതിന്റെ യോഗ്യതയ്ക്കൊത്ത സ്ഥാനം അധികാരപ്പെട്ട ഗുരുവിൽകൂടി ബ്രഹ്മകല്പിതമായി കൊടുക്കുന്ന ഒരു കർമ്മം ശാന്തിഗിരിയിൽ നടക്കുന്നു. ഇതാണ് ഗുരുപൂജ.തന്റെ ഗുരുവിന്റെ ആത്മരൂപത്തെ പിടിച്ചു സങ്കല്പിക്കുമ്പോൾ ആ പ്രകാശത്തിൽ ഇതെല്ലാം സംഭവിക്കുകയാണ്. എല്ലാ ഗുരുക്കന്മാർക്കും ഈ കർമം ചെയ്യാൻ അനുവാദം കിട്ടിയെന്നിരിക്കില്ല. സകല ഗുരുക്കന്മാർക്കും ഗുരുവായ സകലവിധ കർമ്മവും പൂർത്തിയാക്കിയ കാലങ്ങൾക്കപ്പുറം കണ്ടറിഞ്ഞ് പറഞ്ഞു തിരുത്തുന്ന കർമമറ്റ ഒരു മഹാത്മാവിനു മാത്രമെ ഗുരുപൂജ എന്ന കർമം നടത്താൻ ബ്രഹ്മകല്പിതമായി അധികാരവും അനുവാദവും കിട്ടുകയുള്ളൂ. അതാണ് കാലാന്തരഗുരു. സകല പൂർണതകളെയും ഉൾവഹിക്കുന്ന പൂർണതയാണ് ആ ഗുരുവിനുള്ളത്. അത് പൂർണനായ ഗുരുവാണ്. ആ പൂർണത സകലതിലും പ്രകാശം ചൊരിഞ്ഞുനില്ക്കുന്ന തേജസായി സ്നേഹം പകർന്ന് നമ്മെ സൂക്ഷിക്കുന്നു. ഇതാണ് ഗുരുസ്നേഹം. ആ സ്നേഹത്തിനു പകരം നല്കാൻ നമുക്കു യാതൊന്നുമില്ല. നമുക്കു ചെയ്യാൻ കഴിയുന്നത് ഒന്നു മാത്രം. ഗുരു നമ്മളിൽ നിന്നാഗ്രഹിക്കുന്ന നന്മ നിറഞ്ഞ ജീവിതം നാമോരുത്തരും കാഴ്ചവയ്ക്കുക.ആ ജീവിതത്തിലൂടെ ഗുരു പറഞ്ഞിരിക്കുന്ന ലക്ഷ്യപ്രാപ്തി കൈവരിക്കുക. അതിനായിരിക്കണം നമ്മുടെ വ്യഗ്രത. ഗുരു ആരാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തേണ്ട അനുഭവസമ്പത്തായിരിക്കണം നമ്മുടെ ജീവിതം.

# കർമ്മശ്രേഷ്ഠ പുരസ്കാരം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് സമ്മാനിച്ചു

**തിരുവനന്തപുരം:** കർമ്മശക്തി ഫൗണ്ടേഷന്റെ കർമ്മശ്രേഷ്ഠ പുരസ്കാരം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് സമ്മാനിച്ചു. തൈക്കാട് ഭാരത് ഭവനിൽ വച്ച് നടന്ന ചടങ്ങിൽ മന്ത്രി കടകംപള്ളി സുരേന്ദ്രനാണ് പുരസ്കാരം സമ്മാനിച്ചത്.

ചടങ്ങിൽ ഡോ.എം.ആർ. തമ്പാൻ അദ്ധ്യക്ഷത വഹിച്ചു. കെ.റ്റി.ഡി.സി.ചെയർമാൻ എം. വിജയകുമാർ,വി. സുരേന്ദ്രൻ പിള്ള, ബാലു കിരിയത്ത്, വഞ്ചിയൂർ പ്രവീൺകുമാർ, ജസീന്ത മോറിസ്, ഗോപകുമാർ തുടങ്ങിയവർ സംസാരിച്ചു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മറുപടി പ്രഭാഷണം നടത്തി.



കർമശ്രേഷ്ഠ പുരസ്കാരദാനച്ചടങ്ങ്

# 'വാസശ്രീ' ഓഫീസ് പ്രവർത്തനം ആരംഭിച്ചു

**എജ്യൂക്കേഷൻ സോൺ:** ആശ്രമത്തിന്റെ ഭവനനിർമ്മാണ സഹായപദ്ധതിയായ ശാന്തിഗിരി വാസശ്രീയുടെ ഓഫീസ് എജ്യൂക്കേഷൻ സോണിൽ പ്രവർത്തനം ആരംഭിച്ചു. ശാന്തിഗിരി ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിനോട് ചേർന്നാണ് പുതിയ ഓഫീസ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. അപേക്ഷകർ വാസശ്രീ സംബന്ധിച്ച കാര്യങ്ങൾക്ക് ഈ ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടത്. പി.ഡി. സീതാദേവി (9746818182), പി. പുഷ്പരാജ് (8111882152) എന്നിവർക്കാണ് വാസശ്രീ ഓഫീസിന്റെ ചുമതല.

# ശാന്തിഗിരി വിദ്യാഭവനിൽ ഗൈഡ്സ് യൂണിറ്റ് ആരംഭിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവനിൽ ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ ഗൈഡ്സ് യൂണിറ്റ് ആരംഭിച്ചു. ഇതോടനുബന്ധിച്ച് ജനുവരി രണ്ടു മുതൽ എട്ടു വരെ പി.എം.ജി. സിറ്റി വെക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്ന ട്രെയിനിംഗ് ക്യാമ്പിൽ അദ്ധ്യാപികമാരായ അർച്ചന എസ്. പിള്ള, ദീപ എ എന്നിവർ പങ്കെടുത്തു. ജനുവരി 15 മുതൽ പുതിയ യൂണിറ്റിന്റെ പരിശീലന ക്ലാസ് ആരംഭിച്ചു. പെൺകുട്ടികളുടെ സ്വഭാവരൂപീകരണം, വ്യക്തിത്വ വികസനം എന്നിവയ്ക്ക് മുൻതൂക്കം നല്കുന്ന ക്ലാസുകളാണ് നല്കുന്നത്. അതോടൊപ്പം വിവിധ കലാ കായിക മത്സരങ്ങൾ തുടങ്ങിയവയും നടത്തുന്നുണ്ട്.


ശാന്തിഗിരി വിദ്യാഭവൻ ഗൈഡ്സ് യൂണിറ്റ് അംഗങ്ങൾ

# ബോറിവലി ശാന്തിഗിരി ഹെൽത്ത്കെയർ സെന്റർ പ്രവർത്തനമാരംഭിച്ചു

**ബോറിവലി (മുംബൈ):** ശാന്തിഗിരി ആയുർവ്വേദ & സിദ്ധ ഹെൽത്ത്കെയർ സെന്റർ, ബോറിവലിയുടെ ഉദ്ഘാടനം ജനുവരി 31 ന് നടന്നു. ഗോപാല ഷെട്ടി എം പി ഉദ്ഘാടനം നിർവഹിച്ചു. പാർശ്വഫലങ്ങളില്ലാത്ത ആയുർവേദ ചികിത്സയുടെ പ്രസക്തി ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചു വരുന്നതായി അദ്ദേഹം പറഞ്ഞു. അലോപ്പതി മരുന്നുകളുടെ കുത്തക വിദേശ ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ കൈകളിലാണ് ഉള്ളത്. ഇന്ത്യയിലെ പാരമ്പര്യ ചികിത്സയെ ഉപയോഗിച്ച് രോഗനിവാരണം നടത്താൻ കൂടുതൽ പേർ തയ്യാറാവേണ്ടതുണ്ട്. ജീവിതശൈലി കൊണ്ട് ഉണ്ടാകുന്ന രോഗങ്ങൾ വരാതിരിക്കാനുള്ള മുൻകരുതലായി ആയുർവേദത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദിനചര്യകളും ആഹാരക്രമങ്ങളും ശീലിച്ചാൽ ആരോഗ്യജീവിതം കാത്തുസൂക്ഷിക്കാൻ കഴിയുമെന്നും എം.പി. പറഞ്ഞു. ശാന്തിഗിരി ആശ്രമം നടത്തുന്ന ആതുരസേവന പ്രവർത്തനങ്ങളെ അനുമോദിക്കുകയും മുംബൈയിലെ കൂടുതൽ മേഖലകളിൽ ആയുർവേദ സിദ്ധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ എല്ലാവിധ പിന്തുണയും ഉണ്ടാവുമെന്നും അദ്ദേഹം അറിയിച്ചു.ആദരണീയ സ്വാമി ജനനന്മ ജ്ഞാനതപസ്വി പുതിയ മന്ദിരത്തിനു തിരിതെളിയിച്ചു. നഗരസഭാ കൗൺസിലർ അഞ്ജലി കേഡ്ക്കർ, മുൻ മേയർ മോഹൻ മിത്ബാവേക്കർ, ബ്രഹ്മകുമാരീസ് ഈശ്വരീയ വിദ്യാലയത്തിലെ പി.കെ പരുൾ ബഹൻ തുടങ്ങിയവർ സംസാരിച്ചു.


ബോറിവലി (മുംബൈ) യിൽ പുതിയതായി ആരംഭിച്ച ശാന്തിഗിരി ഹോസ്പിറ്റലിന്റെ ഉദ്ഘാടനചടങ്ങ്


ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിലെ കട്ടിളവയ്പ് കർമ്മം

# ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിൽ കട്ടിളവയ്പ്

**ഹെൽത്ത്കെയർ സോൺ:** നവീകരണ പ്രവർത്തനങ്ങൾ നടക്കുന്ന ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിലെ കട്ടിളവയ്പ് ഫെബ്രുവരി 1 വ്യാഴാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നടന്നു. ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി കട്ടിളവയ്പ് കർമ്മം നിർവഹിച്ചു. സ്വാമി ഗുരുധർമ്മ ജ്ഞാനതപസ്വി, സ്വാമി നവകൃപ ജ്ഞാനതപസ്വി, സ്വാമി ജ്ഞാദത്തൻ ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി തുടങ്ങിയവരും ആത്മബന്ധുക്കളും ചടങ്ങിൽ പങ്കെടുത്തു.


ശാന്തിഗിരി ജംഗ്ഷനിൽ സന്തോഷ്കുമാർ ആർ.എസ്.- സ്മൃതി എസ്. നായർ ദമ്പതിമാർ നിർമ്മിച്ച 'ഗുരുഗീതം' ഭവനം. ഗൃഹപ്രവേശന കർമ്മം ഫെബ്രുവരി 2 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിച്ചു.


കാഞ്ഞാംപാറ യൂണിറ്റിൽ ബാബു റ്റി. സിന്ധു വി.പി. ദമ്പതിമാർ നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം

# ഹെൽപ് ഡെസ്ക്

**സ്പിരിച്വൽ സോൺ:** ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറിയുടെ കുടുംബസന്ദർശനത്തോട് അനുബന്ധിച്ചുള്ള കാര്യങ്ങളുടെ തുടർ നടപടികൾക്കായി ഹെൽപ് ഡെസ്ക് ആരംഭിച്ചു. ബന്ധപ്പെടേണ്ട നമ്പർ ഡോ.ഹരിദാസ് റ്റി–9447587147.

# ഷഷ്ടിപൂർത്തി


ശാന്തിഗിരി കമ്മ്യൂണിറ്റി കിച്ചൻ കാന്റീനിൽ കർമ്മം ചെയ്തുവരുന്ന ഡെപ്യൂട്ടി മാനേജർബി. തുളസീധരൻ പിള്ളയുടെ ഷഷ്ടിപൂർത്തിയ ചടങ്ങിൽ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി ആശംസകൾ നേരുന്നു

# ശാന്തിഗിരി കുടുംബയോഗങ്ങളിൽ നിന്ന്











# എൻഡോസൾഫാൻ ദുരിതബാധിർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ശാന്തിഗിരിയും



എൻഡോസൾഫാൻ സമരക്കാർക്ക് ശാന്തിഗിരി ആശ്രമം ഐക്യദാർഢ്യം പ്രകടിപ്പിച്ചപ്പോൾ

**തിരുവനന്തപുരം:** കാസർഗോഡ് ജില്ലയിൽ നിന്നുള്ള എൻഡോസൾഫാൻ ദുരിതബാധിതരായ അറുപതോളം കുട്ടികളുമായി കുടുംബാംഗങ്ങളും സമരസമിതി പ്രവർത്തകരും സെക്രട്ടറിയേറ്റ് പടിക്കൽ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ ശാന്തിഗിരി ആശ്രമവും. ആദരണീയ സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി എന്നിവരുടെ നേതൃത്വത്തിൽ ശാന്തിഗിരി മാതൃമണ്ഡലം പ്രവർത്തകർ സമരപ്പന്തലിലെത്തിയാണ് സമരത്തിന് പിന്തുണ അറിയിച്ചത്. ശാന്തിഗിരി ആയുർവേദ- സിദ്ധ വൈദ്യശാലയിൽ നിന്നുള്ള പ്രത്യേക മരുന്നു കിറ്റും വിതരണം ചെയ്തു. മാതൃമണ്ഡലം പ്രവർത്തകരായ ഡോ. ഉഷകുമാരി ബി., കെ. ലക്ഷ്മി അമ്മാൾ, കെ. സരസ്വതി അമ്മാൾ, സിന്ധു സുരേഷ്, ഡോ. ബിന്ദിയ അശോകൻ, സൂര്യകുമാരി കെ.ബി. തുടങ്ങിയവർ പങ്കെടുത്തു. മന്ത്രി ഇ. ചന്ദ്രശേഖരൻ, എം.എൽ.എ മാരായ എൻ. എ. നെല്ലിക്കുന്ന്, അബ്ദുൽ ഹമീദ്, മുൻമന്ത്രി ബിനോയ് വിശ്വം തുടങ്ങിയവരും സമരപ്പന്തലിലെത്തിയിരുന്നു.

പ്രമുഖ സാമൂഹ്യപ്രവർത്തകയായ ദയാബായിയാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരജാല ഉദ്ഘാടനം ചെയ്തത്. ദുരിതബാധിത ഗ്രാമങ്ങളിലെ വൈകല്യം ബാധിച്ച കുട്ടികൾക്കായി കൂടുതൽ പുനരധിവാസ കേന്ദ്രങ്ങളും തൊഴിൽകേന്ദ്രങ്ങളും ഉണ്ടാകണമെന്ന് അവർ പറഞ്ഞു. ദുരിതാശ്വാസ പാക്കേജും കുടുംബങ്ങൾക്കുള്ള സഹായവും ഉടൻ വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ടു. പ്രശ്നം പരിഹരിച്ചില്ലെങ്കിൽ മാർച്ച് 15 മുതൽ അനിശ്ചിതകാല സമരം നടത്താനാണ് സമരസമിതിയുടെ തീരുമാനം.

## ഒന്നാം റാങ്കിന്റെ തിളക്കവുമായി നല്ലചിത്തൻ

**പോത്തൻകോട്:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് അഭിമാനമായി മാറുകയാണ് നല്ലചിത്തൻ ജി. നാഷണൽ ടീച്ചേഴ്സ് കൗൺസിൽ സംഘടിപ്പിച്ച ഓൾ ഇന്ത്യ ടാലന്റ് സേർച്ച് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയാണ് നല്ലചിത്തൻ സ്കൂളിന്റെ അഭിമാനം ഉയർത്തിയത്. ശാന്തിഗിരി വിദ്യാഭവനിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായ നല്ലചിത്തൻ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഫെലോ ഡോ. കെ. ഗോപിനാഥൻ പിള്ളയുടെയും വിദ്യാഭവനിലെ അദ്ധ്യാപികയായ എസ്. രമയുടെയും മകനാണ്. നേരത്തെയും വിവിധ മത്സരങ്ങളിൽ നല്ലചിത്തൻ



നല്ലചിത്തൻ ജി.

വിജയിയായിട്ടുണ്ട്. സയൻസ്, മാത്സ് ഒളിംപ്യാഡുകളിൽ സ്വർണമെഡലും ഇംഗ്ലീഷ് ഒളിംപ്യാഡിൽ സിൽവർ മെഡലും നേടിയിട്ടുണ്ട്.

## സിൽവർ മെഡൽ നേടി



പൂജദത്ത് എസ്.

ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ നിന്ന് ഇംഗ്ലീഷ് ഒളിംപ്യാഡിൽ സിൽവർ മെഡൽ നേടിയ പൂജദത്ത് എസ്. വിദ്യാഭവനിലെ മൂന്നാം സ്റ്റാൻഡേർഡ് വിദ്യാർത്ഥിയായ പൂജദത്ത് ആനന്ദപുരത്തെ എസ്. സുരേഷിന്റെയും എ. ദീപയുടെയും മകനാണ്.



ആശ്രമത്തിനുസമീപം ഗുരുദാസ് യു. ആരംഭിച്ച ജി.ഡി. ട്രാവൽസ് ആന്റ് കമ്യൂണിക്കേഷന്റെ ഉദ്ഘാടനം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവഹിക്കുന്നു

## ശാന്തിഗിരി ടേക് എ ബ്രേക്ക്

നിങ്ങളുടെ ജീവിതത്തിലെ സന്തോഷനിമിഷങ്ങൾ പങ്കുവയ്ക്കാൻ ശാന്തിഗിരി ടേക് എ ബ്രേക് അവസരമൊരുക്കുന്നു. ജന്മദിനം, വിവാഹവാർഷികം, നാമകരണം, കുഞ്ഞൂണ്, ഉദ്യോഗകയറ്റം, ബിസിനസ്-പ്രമോഷൻ തുടങ്ങിയ ഏത് ആഘോഷങ്ങളും മിതമായ നിരക്കിൽ ശാന്തിഗിരി ടേക് എ ബ്രേക്കിൽ വച്ച് സംഘടിപ്പിക്കാം. ശാന്തമായ അന്തരീക്ഷം. രുചികരമായ ഭക്ഷണം, എ.സി. നോൺ എ.സി. ഹാൾ, വാഹന പാർക്കിംഗ് സൗകര്യം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കോൺടാക്റ്റ് നമ്പർ: 8156857007, 8281695470

## കുറഞ്ഞ വിലയ്ക്ക് ഫലവൃക്ഷത്തൈകൾ

**പിരപ്പൻകോട്:** പ്ലാവ്, മാവ്, പേര, ചാമ്പ, കുടംപുളി, സപ്പോട്ട തുടങ്ങിയ ഫലവൃക്ഷത്തൈകൾ 65 രൂപ നിരക്കിൽ കൃഷിഭവനിൽ നിന്നും ലഭിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചു. 325 രൂപ വിലയുള്ള തൈകളാണ് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നത്. മാണിക്കൽ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ആവശ്യക്കാർ 65 രൂപയുമായി കൃഷിഭവനിൽ പേര് രജിസ്റ്റർ ചെയ്യണം. അപേക്ഷയോടൊപ്പം റേഷൻ കാർഡ്, കരം ഒടുക്കിയ രസീതിന്റെ കോപ്പി എന്നിവ കൂടി നല്കേണ്ടതാണ്. അപേക്ഷകർക്ക് സ്റ്റോക്ക് വരുന്നതനുസരിച്ച് വൃക്ഷത്തൈകൾ ലഭിക്കും.

ഗുരുചരണം ശരണം
മോഹനം ഒപ്റ്റിക്കൽസ്
കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini Editor: T. Sasimohan Senior Co-ordinating Editor: Anil Cherthala